# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

**നമ്പർ: 124/2015/സം.തി.ക** **തിരുവനന്തപുരം, 2015 ഒക്ടോബർ 01**

23.09.2015 – ലെ സർക്കാർ ഉത്തരവ്(കൈ)നം.296/2015/ത.സ്വ.ഭ.വ പ്രകാരം സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ മേയർ സ്ഥാനങ്ങളിൽ 3 എണ്ണം സ്ത്രീകൾക്ക് സംവരണം ചെയ്തു കൊണ്ടും 87 മുനിസിപ്പൽ കൗൺസിലുകളിലെ ചെയർപേഴ്സൺ സ്ഥാനങ്ങളിൽ 44 സ്ഥാനങ്ങൾ സ്ത്രീകൾക്കും,(പട്ടികജാതി സ്ത്രീ ഉൾപ്പെടെ)6 എണ്ണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും അതിൽ 3 എണ്ണം പട്ടികജാതി വിഭാഗത്തിലെ സ്ത്രീകൾക്കും, 1 എണ്ണം പട്ടികവർഗ്ഗവിഭാഗത്തിനും സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 10 -ാം വകുപ്പിലെ 2 മുതൽ 6 വരെയുള്ള ഉപവകുപ്പുകളിലെ നടപടിക്രമം പാലിച്ചു കൊണ്ട് താഴെപ്പട്ടികയിലെ രണ്ടാം കോളത്തിൽപ്പറയുന്ന മുനിസിപ്പൽ കോർപ്പറേഷനുകളിലെ/മുനിസിപ്പൽ കൗൺസിലുകളിലെ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ സ്ഥാനങ്ങൾ മൂന്നാം കോളത്തിൽപറയുന്ന വിഭാഗ ങ്ങൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്യുന്നു.

| ക്രമ നമ്പർ | മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | സംവരണവിഭാഗം |
|---|---|---|
| 1 | 2 | 3 |
| 1 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | സ്ത്രീ |
| 2 | തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ | സ്ത്രീ |
| 3 | കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | സ്ത്രീ |
| **ക്രമ നമ്പർ** | **മുനിസിപ്പൽ കൗൺസിലിന്റെ പേര്** | **സംവരണവിഭാഗം** |
| 1 | മാനന്തവാടി മുനിസിപ്പാലിറ്റി | പട്ടികവർഗ്ഗം |
| 2 | പന്തളം മുനിസിപ്പാലിറ്റി | പട്ടികജാതി സ്ത്രീ |
| 3 | തൃക്കാക്കര മുനിസിപ്പാലിറ്റി | പട്ടികജാതി സ്ത്രീ |
| 4 | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | പട്ടികജാതി സ്ത്രീ |
| 5 | കോട്ടയം മുനിസിപ്പാലിറ്റി | പട്ടികജാതി |
| 6 | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | പട്ടികജാതി |
| 7 | കൊണ്ടോട്ടി മുനിസിപ്പാലിറ്റി | പട്ടികജാതി |
| 8 | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | സ്ത്രീ |
| 9 | വർക്കല മുനിസിപ്പാലിറ്റി | സ്ത്രീ |
| 10 | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി | സ്ത്രീ |
| 11 | അടൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 12 | പത്തനംതിട്ട മുനിസിപ്പാലിറ്റി | സ്ത്രീ |

| | | |
|---|---|---|
| 13 | മാവേലിക്കര മുനിസിപ്പാലിറ്റി | സ്ത്രീ |
| 14 | പാല മുനിസിപ്പാലിറ്റി | സ്ത്രീ |
| 15 | തൊടുപുഴ മുനിസിപ്പാലിറ്റി | സ്ത്രീ |
| 16 | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | സ്ത്രീ |
| 17 | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | സ്ത്രീ |
| 18 | കോതമംഗലം മുനിസിപ്പാലിറ്റി | സ്ത്രീ |
| 19 | പെരുമ്പാവൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 20 | ആലുവ മുനിസിപ്പാലിറ്റി | സ്ത്രീ |
| 21 | കളമശ്ശേരി മുനിസിപ്പാലിറ്റി | സ്ത്രീ |
| 22 | അങ്കമാലി മുനിസിപ്പാലിറ്റി | സ്ത്രീ |
| 23 | ഏലൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 24 | മരട് മുനിസിപ്പാലിറ്റി | സ്ത്രീ |
| 25 | ചാലക്കുടി മുനിസിപ്പാലിറ്റി | സ്ത്രീ |
| 26 | ഗുരുവായൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 27 | കുന്നംകുളം മുനിസിപ്പാലിറ്റി | സ്ത്രീ |
| 28 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 29 | പാലക്കാട് മുനിസിപ്പാലിറ്റി | സ്ത്രീ |
| 30 | മലപ്പുറം മുനിസിപ്പാലിറ്റി | സ്ത്രീ |
| 31 | മഞ്ചേരി മുനിസിപ്പാലിറ്റി | സ്ത്രീ |
| 32 | നിലമ്പൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 33 | കൽപ്പറ്റ മുനിസിപ്പാലിറ്റി | സ്ത്രീ |
| 34 | മട്ടന്നൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 35 | കാസറഗോഡ് മുനിസിപ്പാലിറ്റി | സ്ത്രീ |
| 36 | കൊട്ടാരക്കര മുനിസിപ്പാലിറ്റി | സ്ത്രീ |
| 37 | ഹരിപ്പാട് മുനിസിപ്പാലിറ്റി | സ്ത്രീ |
| 38 | ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി | സ്ത്രീ |
| 39 | മണ്ണാർക്കാട് മുനിസിപ്പാലിറ്റി | സ്ത്രീ |
| 40 | താനൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 41 | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി | സ്ത്രീ |
| 42 | വളാഞ്ചേരി മുനിസിപ്പാലിറ്റി | സ്ത്രീ |
| 43 | തിരൂരങ്ങാടി മുനിസിപ്പാലിറ്റി | സ്ത്രീ |
| 44 | പയ്യോളി മുനിസിപ്പാലിറ്റി | സ്ത്രീ |
| 45 | കൊടുവള്ളി മുനിസിപ്പാലിറ്റി | സ്ത്രീ |
| 46 | പാനൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 47 | ആന്തൂർ മുനിസിപ്പാലിറ്റി | സ്ത്രീ |
| 48 | ഫറോക്ക് മുനിസിപ്പാലിറ്റി | സ്ത്രീ |

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം - 33.

**ഒപ്പ്**
**കെ. ശശിധരൻ നായർ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ഉൾപ്പെടെ 6 മുനിസിപ്പൽ കോർപ്പറേഷനിൽ 2010 -ൽ സ്ത്രീകൾക്കായി സംവരണം ചെയ്തിരുന്ന തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നിവ ഒഴിവാക്കി ആവർത്തനക്രമംപാലിച്ച്കൊണ്ട് മറ്റ് മൂന്നെണ്ണം സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 28 മുനിസിപ്പൽ കൗൺസിലുകൾ ഉൾപ്പെടെ 87 മുനിസിപ്പൽ കൗൺസിലുകളിൽ (മട്ടന്നൂർ ഉൾപ്പെടെ) ഒരു ചെയർ പേഴ്സൺ സ്ഥാനം പട്ടികവർഗ്ഗത്തിനായി സംവരണം ചെയ്തിട്ടുണ്ട്. ആവർത്തനക്രമം പാലിച്ചുകൊണ്ട് പട്ടികവർഗ്ഗ ജനസംഖ്യയുടെ ശതമാനം ഏറ്റവും കൂടിയ മാനന്തവാടി മുനിസിപ്പാലിറ്റിയ്ക്ക് ഇത് സംവരണം ചെയ്തിരിക്കുന്നു.

പട്ടികജാതി സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള 3 ചെയർ പേഴ്സൺ സ്ഥാനങ്ങളിൽ പട്ടികജാതി സ്ത്രീ ജനസംഖ്യയുടെ ശതമാനം ഏറ്റവും കൂടിയ (മുൻകാലങ്ങളിൽ ഈ സംവരണത്തിൽ ഉൾപ്പെട്ട മുൻസിപ്പാലിറ്റികൾ ഒഴീച്ച്) തൃക്കാക്കര, പന്തളം, വടക്കാഞ്ചേരി എന്നീ മുനിസിപ്പാലിറ്റികൾക്ക് സംവരണം ചെയ്തിരിക്കുന്നു.

പട്ടികജാതിയ്ക്ക് സംവരണം ചെയ്തിട്ടുള്ള 3 ചെയർപേഴ്സൺ സ്ഥാനങ്ങളിൽ പട്ടികജാതി ജനസംഖ്യയുടെ ശതമാനം ഏറ്റുവും കൂടിയ (മുൻകാലങ്ങളിൽ ഈ സംവരണത്തിൽ ഉൾപ്പെട്ട മുൻസിപ്പാലിറ്റികൾ ഒഴിച്ച്) കോട്ടയം ഇരിങ്ങാലക്കുട, കൊണ്ടോട്ടി എന്നീ മുനിസിപ്പാലിറ്റികൾക്ക് സംവരണം ചെയ്തിരിക്കുന്നു.

സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള 41 (പട്ടികജാതി സ്ത്രീ ഒഴികെ) ചെയർപേഴ്സൺ സ്ഥാനങ്ങളിൽ സ്ത്രീ ജനസംഖ്യാ ശതമാനം ഏറ്റവും കൂടിയ ക്രമത്തിൽ (2010 -ൽ ഈ സംവരണത്തിൽ ഉൾപ്പെട്ട മുൻസിപ്പാലിറ്റികൾ ഒഴിച്ച്) പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ 41 മുനിസിപ്പാലിറ്റികൾക്ക് (മട്ടന്നൂർ ഉൾപ്പെടെ) സംവരണം ചെയ്തിരിക്കുന്നു.